# പള്ളികഥകൾ

## മിനികഥകൾ എഴുപത്

ജോയിക്കുട്ടി, ഡിട്രോയിറ്റ്

ജോസഫ് അച്ചന്റെ കഥ ദീഘ്കാലം കൂടിയാണ് എഴുതുന്ന തെന്നറിയാം. അച്ചന്റെ കുഴപ്പമല്ല; ഞാൻ കുടുംബ സമേതം വിദേശത്തായിരുന്നു. ഞാനില്ലാത്തപ്പോൾ കഥ പറഞ്ഞാൽ മറ്റുള്ളവർ കേൾക്കുമെന്നല്ലാതെ, ആയത് എഴുതി അയക്കാൻ പറ്റത്തില്ലല്ലോ.

# തങ്കപ്പെട്ടവൻ

ഇപ്രാവശ്യം കേരളത്തിൽ നടന്ന ഒരു കഥയാണ് പറയുന്നത് കേരളത്തിലെ ഒരു ചെറിയ പട്ടണത്തിൽ നടന്ന കഥയാണ്. ഈ സംഭവം നടക്കുമ്പോൾ അത് ഒരു ഗ്രാമപ്രദേശമായിരുന്നു. അവിടുത്തെ ഒരു പള്ളിയിൽ ഏകദേശം ഇരുപത്തി മൂന്നു വയസു പ്രായമുള്ള ഒരു യുവതിയുണ്ടായിരുന്നു. അവൾ വിരൂപയല്ല; എന്നാൽ സുന്ദരിയുമല്ല. അവൾ നല്ല ധനാഢ്യമായ ഒരു കുടുംബത്തിലേതാണ്. അവളും ഒരാങ്ങളയും മാത്രമേ മക്കളായി ഉണ്ടായിരുന്നുള്ളു. ഹൈസ്ക്കൂൾ കഴിഞ്ഞ ശേഷം അവളെ പഠിക്കാൻ വിട്ടില്ല. കാരണം അവൾക്ക് ക്യാസർ അസുഖമാണെന്ന് അറിഞ്ഞ് ചികിത്സയിലാവുകയായിരുന്നു. ഇപ്പോൾ കുറച്ചു വഷങ്ങളായി അവൾ ചികിത്സയിലാണ്. അവളെ ഡോക്ടറെ കാണിക്കാൻ സമയാ സമയത്ത് കൊണ്ടു പോകണം കൊണ്ടു വരണം; മരുന്ന് കൊടുക്കണം അങ്ങിനെ അവളെ പരിചരിക്കാൻ തന്നെ ഒരാള് പ്രത്യേകം വേണം. അതിനു വേണ്ടി പ്രത്യേകം ഒരു വേലക്കാരിയുമുണ്ട്. കാറും ഡ്രൈവറും എല്ലാം ഉണ്ടെങ്കിലും എപ്പോഴും അവളുടെ കാര്യങ്ങൾ നോക്കാനായി ആരും ഇല്ലല്ലോ എന്ന ഒരു വേവലാതിയും അവളുടെ മാതാപിതാക്കൾക്കുമുണ്ടായിരുന്നു. തങ്കമ്മ ഏറെ വഷങ്ങളായി ചികിത്സയിലായപ്പോഴേക്കും അവളുടെ മാതാപിതാക്കളും വിഷമിച്ചിരിക്കുകയായിരുന്നു.

തങ്കച്ചൻ ആ സ്ഥലത്തെ തന്നെ നിധ്ന കുടുംബത്തിലെ സുന്ദരനായ ഒരു യുവാവാണ്. അയാൾ ഒരു വിധത്തിൽ വളരെ കഷ്ടപ്പെട്ട് മാസ്റ്റേഴ്സ് എടുത്തിരിക്കുന്ന സമയമാണത്. അയാൾ ഈ രോഗിയായ തങ്കമ്മയുടെ വിവരം അറിഞ്ഞു. അയാൾ ഒരു വിവാഹ ദല്ലാളിനെ വിട്ട് തങ്കമ്മയെ വിവാഹം കഴിക്കാൻ തയാറാണെന്ന് അറിയിച്ചു. കാൻസറിന്റെ രോഗമുണ്ടെങ്കിലും അവളെ കണ്ടാൽ അതിന്റെ യാതൊരു ലക്ഷണവുമുണ്ടായിരുന്നില്ല.

തങ്കമ്മയുടെ വീട്ടുകാർ തങ്കച്ചനെ അവരുടെ വീട്ടിൽ വിളിച്ചു വരുത്തി അവളുടെ രോഗവിവരമെല്ലാം വിശദീകരിച്ചു. അവൾക്ക് ഭാര്യാഭത്തൃ ബന്ധത്തിനു പോലും ഏപ്പെടാൻ കഴിയാത്ത ഒരവസ്ഥയിലാണെന്ന കാര്യം അവർ അയാളോട് വിശദീകരിച്ചു പറഞ്ഞു. അയാൾക്ക് അതൊന്നും ഒരു പ്രശ്നമായിരുന്നില്ല. അവളുടെ സ്വത്തു കണ്ട് അത് കിട്ടുമെന്നുള്ള സ്വപ്നത്തിലുമല്ല അയാൾ അതിന് ആലോചിക്കുന്നതെന്ന് അയാൾ ആ വീട്ടുകാരോട് തീത്തു പറഞ്ഞു. എങ്ങിനെയെങ്കിലും കുറച്ചു കാലം അവൾക്ക് സന്തോഷകരമായ ഒരു ജീവിതം കൊടുക്കാൻ സാധിക്കുമോ എന്നതാണ് അയാളുടെ ലക്ഷ്യമെന്ന് അയാൾ അവരോടു പറഞ്ഞു. ഒരു പക്ഷേ ദീഘ്കാലം അവൾക്ക് മാനസീകമായി സന്തോഷം കൊടുത്താൽ അവൾ ഈ രോഗത്തിൽ നിന്ന് രക്ഷപെടുമോയെന്ന് ശ്രമിക്കുകയുമാകാല്ലോയെന്നതാണ് അയാളുടെ ലക്ഷ്യമെന്ന് അയാൾ ആ വീട്ടുകാരോട് പറഞ്ഞു.

തങ്കച്ചന്റെ വീട്ടുകാക്ക് അയാളുടെ തീരുമാനത്തോട് തീരേയുംഅഭിപ്രായമില്ലായിരുന്നു. എന്തായാലും അയാളുടെ നിബ്ന്ധത്തിന് വഴങ്ങി വിവാഹം നടന്നു; യാതൊരു ആഡംബരവുമില്ലാതെ വളരെ ചുരുക്കം ആൾക്കാരെ മാത്രം ക്ഷണിച്ച്. അവൾ നേരത്തെ താമസിച്ചിരുന്ന മുറിയിൽ നിന്നും അവളെ വളരെ വിശാലമായ ഒരു മുറിയിലേക്ക് താമസം മാറ്റി. അവിടെ അയാൾക്കു കൂടെ കിടക്കാനായി നല്ല ഒരു കട്ടിലും താമസ സൗകര്യങ്ങളും എല്ലാം ഒരുക്കി. അയാൾക്ക് സഞ്ചരിക്കാനായി പുത്തനൊരു നല്ല കാറു വാങ്ങികൊടുത്തു. അയാളെ ആ വീട്ടിലുള്ള എല്ലാവരും ഒരു ദൈവത്തെപ്പോലെ പൂജിച്ചു. പള്ളിയിലെ ആച്ചനായിരുന്നു വിവഹം നടത്തിയത്. അച്ചനു പോലും വിശ്വസിക്കാൻ പറ്റിയില്ല.

വിവാഹം കഴിഞ്ഞ അന്നു മുതൽ അയാൾ അവളുടെ എല്ലാ കാര്യങ്ങളുടേയും ചുമതല ഏറ്റെടുത്ത് അയാളുടെ കഴിവിന്റെ പരമാവധി രാപകലില്ലാതെ അവളെ ശുശ്രൂഷിച്ചു. രാത്രിയിൽ പോലും ഉറക്കമിളച്ച് അവളെ ശുശ്രൂഷിച്ചു. അയാളുടെ സ്നേഹവാത്സ്യങ്ങൾക്കു മുൻപിൽ അവൾ പലപ്പോഴും വിതുമ്പിപ്പോയി. അവളെ ഡോക്ടറെ കാണിക്കാൻ കൊണ്ടു പോകുന്നതുൾപ്പെടെ അവളുടെ എല്ലാ കാര്യങ്ങളും അയാൾ തന്നെ നോക്കി നടത്തി. അവളെ പ്രതി മറ്റാക്കും യാതൊരു ബുദ്ധിമുട്ടുമില്ലാതെ കാര്യങ്ങൾ ദൈനംദിനം നടന്നു.

വളരെ നിധ്ന കുടുംബത്തിൽ ജനിച്ചു വളന്ന അയാൾക്ക് ഈ കോടീശ്വരന്മാരുടെ ജീവിത സൗഖ്യം ആവോളം ആസ്വദിച്ചു. അവിടെ താമസമാക്കിയ ഏതാനം ദിവസങ്ങൾക്കകം അയാൾ അവളുടെ ഒപ്പിടുന്നതെങ്ങനെയെന്ന് ശരിക്കും പഠിച്ചു. മറ്റാക്കും യാതൊരു സംശയവും കൂടാതെ അയാൾ പല ഇൻഷറൻസു കമ്പനികളുടെ കൂട്ടത്തിലും അവളുടെ പേര് ചേത്തു. ദൈനം ദിനമുള്ള പ്രത്യേക പരിചരണവും സ്നേഹ വാത്സ്യല്യവും മൂലം അവളുടെ ആരോഗ്യവും വളരെ പുഷ്ടിപ്പെട്ടു. വീട്ടിലുള്ള അവളുടെ മാതാപിതാക്കളും മറ്റെല്ലാവരും കരുതി അവളുടെ അസുഖമല്ലാം മാറികൊണ്ടിരിക്കുകയാണെന്നും പെട്ടന്ന് അവൾ പൂണ്ണ സുഖം പ്രാപിച്ച് ഒരു രണ്ടാം ജന്മം കിട്ടുമെന്നും. അവളുടെ രോഗ വിവരം അയാൾക്കും ഡോക്ടക്കും മാത്രം അറിയാവുന്ന വിധത്തിലായി.

ഏകദേശം മൂന്നു വഷമായി അവരുടെ വിവാഹം കഴിഞ്ഞിട്ട്. പള്ളിയിലെ അച്ചനും ഇടവക്കാരുമെല്ലാം അയാളെ ഒരു തങ്കപ്പെട്ടവനായി മാത്രമേ കാണാൻ കഴിഞ്ഞുള്ളു. ഇവൻ ഒരാൾ മൂലം ആ പെണ്ണിന് ഒരു പുതു ജീവൻ കിട്ടിയെന്ന് ആശ്വസിച്ചു. അയാളും വളരെ ആത്മാത്ഥമായി അയിരുന്നു അവളെ പരിചരിച്ചിരുന്നത്. എന്നാൽ അയാൾക്കറിയാമായിരുന്നു അവളുടെ ദിവസങ്ങൾ എണ്ണപ്പെട്ടതാണെന്ന്.

അപ്രതീക്ഷിതമായി ആ ദിനം വന്നു. പെട്ടെന്നായിരുന്നു ഒരു വൈകുന്നേരം അവൾക്ക് പനി വന്നു. ഉടനെ തന്നെ അവളെ ആശുപത്രിയിൽകൊണ്ടു പോയി. രാത്രിയുടെ നിമിഷങ്ങൾ പിന്നിടുന്തോറും പനി കൂടി കൂടി വന്നു. പിറ്റേ ദിവസം അവരുടെ മൂന്നാം വിവഹ വാഷിക ദിവസം, അവളുടെ കഴുത്തിൽ മിന്നുകെട്ടിയ ആ സൂക്ഷ സമയത്ത് അവൾ മരണമടഞ്ഞു. തുടന്നും അയാൾ അവിടെ തന്നെ താമസം തുടന്നു. മറ്റാരും അറിയാതെ അയാൾ ഇൻഷറൻസുകാരിൽ നിന്നും ഭീമമായ തുകകൾ വാങ്ങി. ഈ കഴിഞ്ഞ മൂന്നു വഷക്കാലം മുഴുവനും അവളെ ശുശ്രൂഷിരുന്ന നേഴ്സ് തങ്കമണിയ്ക്കറിയാമായിരുന്നു തങ്കച്ചന്റെ ത്യാഗനിഭരമായ കഴിഞ്ഞ വഷത്തെ ജീവിതത്തെപ്പറ്റി. തങ്കമ്മയുടെ മരണ ശേഷം, ഒന്നര വഷത്തിനു ശേഷം തങ്കച്ചനും തങ്കമണിയും തമ്മിലുള്ള വിവാഹം നടന്നു. തങ്കമണി തങ്കമ്മയുടെ വിവരമറിഞ്ഞ് അയാളെക്കൊണ്ട് കെട്ടിച്ചതാണെന്നും സംസാരമുണ്ട്.